**കേരള സർക്കാർ**

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം.25085/ഉപ.സി3/2014/ഉ.ഭ.പ.വ. തിരുവനന്തപുരം, 2014 ഡിസംബർ 15.

### പരിപത്രം

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - 2015 ജൂൺ മാസത്തെ എൽ. .ഡി. ക്ലാർക്ക് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 03.12.2014ലെ 25085/ഉപ.സി3/2014/ഉ.ഭ.പ.വ നമ്പർ പരിപത്രം.

2015 ഏപ്രിൽ, മെയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സൂചനയിലെ പരിപത്രം പ്രകാരം എല്ലാ വകുപ്പുമേധാവികൾക്കും, നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പം 2015 ജൂൺ മാസത്തെ എൽ.ഡി.സി. തസ്തികയിലെ പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം കൂടി കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യണമെന്ന് അറിയിക്കുന്നു. ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്ന മുഴുവൻ ഒഴിവുകളുടെയും ജില്ല തിരിച്ചുള്ള കണക്ക് എല്ലാ വകുപ്പു മേധാവികളും ശേഖരിച്ച് 2015 ജനുവരി 15-ന് മുൻപായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണ്. സർക്കാർ ഇക്കാര്യം നിരീക്ഷിക്കുന്നതും, വീഴ്ച വരുത്തുന്ന വകുപ്പുമേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

**കെ.അജയകുമാർ,**
**സെക്രട്ടറി.**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം).
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
(ആമുഖ കത്തു സഹിതം).
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
(കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.